# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5144 05-07-2012-ൽ മറുപടിക്ക്

### വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും അഡീഷണൽ ഡെപ്പോസിറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻ കുട്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഉപഭോക്താക്കൾ അഡീഷണൽ ഡെപ്പോസിറ്റ് ഒടുക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് വൈദ്യുതി ബോർഡ് അറിയിപ്പുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈ കോഡ്, 2005 സെക്ഷൻ (13) പ്രകാരം പ്രതിമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ രണ്ട് മാസത്തെ വൈദ്യുതി ബില്ലിനു തത്തുല്യമായ തുകയും ദ്വൈമാസ ബില്ലിംഗ് ഉള്ള ഉപഭോക്താക്കൾ മൂന്നു മാസത്തെ വൈദ്യുതി ബില്ലിനു തത്തുല്യമായ തുകയും സെക്യൂരിറ്റിയായി നിലനിർത്തേണ്ടതാണ്. എല്ലാ ഉപഭോക്താക്കളുടേയും സെക്യൂരിറ്റി നിക്ഷേപത്തിന്റെ പര്യാപ്തത, ഓരോ സാമ്പത്തിക വർഷത്തിന്റേയും ആദ്യത്തെ മൂന്നു മാസത്തിലോ, അഥവാ താരിഫ് പരിഷ്കരണം നടത്തുമ്പോഴോ മുൻവർഷത്തെ ഉപയോഗത്തിന്റെ ശരാശരിയുടേയും പ്രാബല്യത്തിലുള്ള ചാർജ്ജുകളുടേയും താരിഫിന്റേയും അടിസ്ഥാനത്തിൽ വിതരണ ലൈസൻസി പുനരവലോകനം ചെയ്യുന്നതാണ്. ഈ പുനരവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താവിന് 30 ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഓരോന്നിലും ഒന്നുകിൽ കുറവുള്ളതു നികത്തുവാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ അധികമായുള്ള സെക്യൂരിറ്റി തുക ആദ്യ മൂന്നു മാസക്കാലയളവിനുള്ളിൽ തന്നെ |
| (ബി) എങ്കിൽ അങ്ങനെ നിർദ്ദേശിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | | |

തട്ടിക്കഴിക്കുകയോ ചെയ്യണമെന്നാണ് സപ്ലൈ കോഡിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഇതുപ്രകാരം സെക്യൂരിറ്റി നിക്ഷേപത്തിൽ കുറവു വരുന്ന തുകയാണ് അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി വൈദ്യുതി ബോർഡ് ഈടാക്കുന്നത്.

| | |
|---|---|
| (സി) ആയത് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ അനുമതിക്ക് വിധേയമായിട്ടാണോ നടപ്പിലാക്കുന്നത് ;വ്യക്തമാക്കുമോ ? | (സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ള സപ്ലൈ കോഡ്, 2005 സെക്ഷൻ (13)-ൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് ബോർഡ് അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ.